**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2358** **12-12-2022 - ൽ മറുപടിയ്ക്ക്**

**എം.ബി.ബി.എസ്. പഠനം കഴിഞ്ഞവർക്ക് എഫ്.എം.ജി. ടെസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെന്റ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വിദേശരാജ്യങ്ങളിൽ നിന്നും എം.ബി.ബി.എസ്. പഠനം കഴിഞ്ഞ് വരുന്നവരിൽ എഫ്.എം.ജി. ഇ . പാസ്സായവർക്ക് എൻ.എം.സി.യുടെ നിയമപ്രകാരം ഇന്ത്യയിൽ ഒരു വർഷത്തെ ഹൗസ് സർജൻസി ചെയ്യേണ്ടതില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. വിദേശ രാജ്യങ്ങളിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കി ഡിഗ്രി നേടുന്നവർ ആ രാജ്യങ്ങളുടെ രോഗാതുരതയുടെ സ്വഭാവും, ലക്ഷണങ്ങളും, സവിശേഷമായ പകർച്ച വ്യാധികളെ കുറിച്ചുമാണ് പഠിക്കുന്നത്. അവർ ഇന്ത്യയുടെ സവിശേഷമായ പ്രാദേശിക രോഗാതുരതയും രോഗലക്ഷണങ്ങളും മറ്റും മനസ്സിലാക്കുകയോ ആയതിൽ അനുഭവജ്ഞാനം നേടുകയോ ചെയ്യുന്നില്ല. ആയതിനാൽ വിദേശരാജ്യങ്ങളിൽ നിന്നും യോഗ്യത നേടി കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിന്റെ സ്ഥിര രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കുന്നവർ നാഷണൽ മെഡിക്കൽ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ഹൗസ് സർജൻസി (ഇന്റേൺഷിപ്പ്) നിർബന്ധമായും പൂർത്തിയാക്കേണ്ടതാണെന്ന് സംസ്ഥാന മെഡിക്കൽ കൗൺസിൽ തീരുമാനിച്ച് നടപ്പാക്കി വരുന്നു. |
| (ബി) | ഇവർക്ക് കേരളത്തിൽ ഒരു വർഷത്തെ ഹൗസ് സർജൻസി നിർബന്ധമാക്കിയിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കാമോ; | (ബി) | ഉണ്ട്. വിദേശ രാജ്യങ്ങളിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കി ഡിഗ്രി നേടുന്നവർ ആ രാജ്യങ്ങളുടെ രോഗാതുരതയുടെ സ്വഭാവും, ലക്ഷണങ്ങളും, സവിശേഷമായ പകർച്ച വ്യാധികളെ കുറിച്ചുമാണ് പഠിക്കുന്നത്. അവർ ഇന്ത്യയുടെ സവിശേഷമായ പ്രാദേശിക രോഗാതുരതയും രോഗലക്ഷണങ്ങളും മറ്റും മനസ്സിലാക്കുകയോ ആയതിൽ അനുഭവജ്ഞാനം നേടുകയോ ചെയ്യുന്നില്ല. ആയതിനാൽ വിദേശരാജ്യങ്ങളിൽ നിന്നും യോഗ്യത നേടി കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിന്റെ സ്ഥിര രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കുന്നവർ നാഷണൽ മെഡിക്കൽ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ഹൗസ് സർജൻസി (ഇന്റേൺഷിപ്പ്) നിർബന്ധമായും പൂർത്തിയാക്കേണ്ടതാണെന്ന് സംസ്ഥാന |

| | | | |
|---|---|---|---|
| | | | മെഡിക്കൽ കൗൺസിൽ തീരുമാനിച്ച് നടപ്പാക്കി വരുന്നു. |
| (സി) | എഫ്.എം.ജി. ടെസ്റ്റ് പാസ്സായവർക്ക് ഒരു വർഷത്തെ ഹൗസ് സർജൻസി കഴിയാതെ ജോലിയിൽ പ്രവേശിക്കാൻ ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളിലും കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഇത്തരത്തിൽ എഫ്.എം.ജി. ടെസ്റ്റ് പാസായവർക്ക് സർക്കാർ സർവീസിൽ നിയമനത്തിനുള്ള കേരള പി.എസ്.സി. പരീക്ഷ എഴുതുന്നതിന് അവസരം നൽകാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | എഫ്.എം.ജി പരീക്ഷ പാസ്സായ ശേഷം കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നുള്ള പെർമനന്റ് രജിസ്ട്രേഷൻ ലഭിക്കുന്നവർക്കാണ് കേരള പി.എസ്.സിയുടെ പരീക്ഷ എഴുതുവാൻ അവസരം ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ